കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. സീമ എം-ന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ(സാധാ)നം.1733/2016/തസ്വഭവ തീയതി, തിരുവനന്തപുരം.24.05.2016

---

പരാമർശം: 1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013.

2. ശ്രീമതി. സീമ എം-ന്റെ 17.06.2015 ലെ അപേക്ഷ.

3. സ്റ്റേഷനറി കൺട്രോളുടെ 26.06.2015 ലെ സമ്മതപത്രം.

4. പഞ്ചായത്ത് ഡയറക്ടറുടെ 15.10.2015 ലെ ഇ 6-21100/2015 നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് ശ്രീമതി. സീമ എം അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി. സീമ എം ആസ്ഥാന ഒഴിവിൽ 20.12.2014 ൽ സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാളുടെ ജില്ലയായ കാസറഗോഡ് ജില്ലയിലെ സ്റ്റേഷനറി ഓഫീസിൽ ഒരു ക്ലാർക്ക് തസ്തിക മാത്രമാണുള്ളതെന്നും അടുത്ത 5 വർഷത്തേക്ക് ഒഴിവ് വരാനുള്ള സാധ്യതയില്ലായെന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും പരാമർശം 3 പ്രകാരം സ്റ്റേഷനറി കൺട്രോളർ അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് കാസറഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ളാർക്ക് സീമ എം-ന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കാസറഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീമതി. സീമ എം, ക്ളർക്ക് പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി. ഐ. ഷേയ്ക്ക് പരീത്**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേഷനറി കൺട്രോളർ, സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം 695033.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.
ശ്രീമതി. സീമ എം, ക്ലാർക്ക്, സ്റ്റേഷനറി വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം 695033.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.( 537/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ